**യുകെ വിദേശകാര്യ സെക്രട്ടറി, എക്സ്ചെക്കര് ചാന്സലര് എന്നിവരുടെ സംയുക്ത ഇന്ത്യാ സന്ദര്ശനം ( ജൂലൈ 7-8, 2014 )**

ജൂലൈ 05 , 2014

യുണൈറ്റഡ് കിംഗ്ഡം വിദേശകാര്യ- കോമണ്വെല്ത്ത് കാര്യ സെക്രട്ടറി ശ്രീ വില്യംസ് ഹേഗും എക്സ്ചെക്കര് ചാന്സലര് ശ്രീ ജോര്ജ് ഓസ്ബോനും ഔദ്യോഗിക സന്ദര്ശനത്തിനായി ഇന്ത്യയില് എത്തുന്നു. ജൂലൈ 07 - 08 , 2014 എന്നീ ദിവസങ്ങളില് ആണ് സന്ദര്ശനം

ജൂലൈ എട്ടിന് കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജുമായി യുകെ വിദേശകാര്യ സെക്രട്ടറി പ്രതിനിധി തല സംഭാഷണം നടത്തും. ഹൈദരാബാദ് ഹൌസില് വച്ചാകും ചര്ച്ച . പരസ്പര താത്പര്യമുള്ള ഉഭയകക്ഷി , മേഖലാ, ആഗോള വിഷയങ്ങള് അവര് ചര്ച്ച ചെയ്യും.

എക്സ്ചെക്കര് ചാന്സലര് , സാമ്പത്തിക ,ധനകാര്യ ചര്ച്ച (Economic and Financial Dialogue - EFD) സാമ്പത്തിക - പ്രതിരോധ മന്ത്രി ശ്രീ അരുണ് ജെയ്റ്റ് ലിയുമായി നടത്തും . ഇരുവരും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിയുമായി ജൂലൈ എട്ടിന് സംയുക്ത കൂടിക്കാഴ്ച നടത്തും. മുംബൈ സന്ദര്ശിക്കുവാനും അവര്ക്ക് പദ്ധതിയുണ്ട് .

ഇരു മന്ത്രിമാര്ക്കൊപ്പം ഇന്ത്യയുമായിട്ടുള്ള വ്യാപാര ഇടപാടുകള് , കാലാവസ്ഥ വ്യതിയാന- സ്റ്റേറ്റ് മന്ത്രി ശ്രീ ഗ്രെഗറി ബാര്ക്കര് എംപി , ക്യാബിനറ്റ് ഓഫീസ് , ഗവണ്മെന്റ് നയ മന്ത്രി ശ്രീ ഒലിവര് ലെറ്റ്വിന് എംപി , ക്യാബിനറ്റ് മന്ത്രി ശ്രീ ജോസഫ് എഡ്മണ്ട് ജോണ്സണ് എംപി എന്നിവര് ഉള്പ്പെടെ മൂന്നു യുകെ മന്ത്രിമാര് അടങ്ങുന്ന ഒരു ഔദ്യോഗിക പ്രതിനിധി സംഘവും അനുഗമിക്കുന്നുണ്ട്.

ഇന്ത്യയും യുകെയും തമ്മില് തന്ത്രപ്രധാന പങ്കാളിത്തം ആണ് 2004 മുതല് ഉള്ളത്. അത് വൈവിധ്യം ഉള്ള മേഖലകളിലെ വളരുന്ന സഹകരണം , നിരന്തരമുള്ള ഉന്നതതല വിനിമയങ്ങള് എന്നിവകൊണ്ട് ശ്രദ്ധേയമാണ് . ഇന്തോ - യുകെ തന്ത്രപ്രധാന പങ്കാളിത്തം കൂടുതല് ശക്തമാക്കുന്നതിന് സംയുക്ത പ്രതിനിധി സംഘ സന്ദര്ശനം ഇരു വിഭാഗത്തിനും അവസരമൊരുക്കും .

ന്യൂഡെല്ഹി
ജൂലൈ 05 , 2014